സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 15.05.2021

നമ്പർ. C2/33619/20/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- സാങ്കേതികം-വിദ്യാഭ്യാസം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് -അക്കാദമിക് (എ )സെക്ഷൻ - കോവിഡ് മഹാമാരി, പ്രതികൂല കാലാവസ്ഥ -ഡിപ്ലോമ ഓൺലൈൻ ക്ലാസ്സുകൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നത് -നിർദ്ദേശം നല്കുന്നത് -സംബന്ധിച്ച് .

സൂചന :- 15.05.2021 തീയതിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് &റിസേർച്ച് ജോയിൻറ് ഡയറക്ടറുടെ കത്ത് നം . പി 3/എംഐഎസ്സി/2021

സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായതിനാൽ അധ്യാപകർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായതിനാലും പ്രതികൂല കാലാവസ്ഥ നിലനില്ക്കുന്നതിനാലും വിദ്യാർഥികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പ്രതിപാദിച്ചുകൊണ്ട് പ്രസ്തുത ക്ലാസ്സുകൾ താൽകാലികമായി നിർത്തിവയ്ക്കണമെന്നുള്ള അപേക്ഷകൾ മേൽ സൂചന 1 പ്രകാരം ലഭിച്ചിട്ടുണ്ട് .

മേൽ വിവരിച്ച സാഹചര്യത്തിൽ 2020-21 അധ്യയന വർഷത്തെ മെയ് മാസം നടത്തിവരുന്ന ഓൺലൈൻ ഡിപ്ലോമ ക്ലാസ്സുകൾ ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ താൽക്കാലികമായി നിർത്തിവയ്ക്കുന്നു എന്നുള്ള വിവരം എല്ലാ സർക്കാർ / എയിഡെഡ് /സ്വാശ്രയ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾമാരേയും ഐ എച്ച് ആർ ഡി ഡയറക്ടറേയുംഅറിയിക്കുന്നു . ഓൺലൈൻ ഡിപ്ലോമ ക്ളാസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച നിർദേശം പിന്നീട് നൽകുന്നതായിരിക്കും.

ശശികുമാർ കെ.എൻ
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ മാരുടെയും /ഐ എച്ച് ആർ ഡി ഡയറക്ടറുടേയും
യും അറിവിലേയ്ക്കായി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #8 of File C2/33619/20/DTE Approved by Senior Joint Director (PS) on 15-May-2021 02:30 PM - Page 1